# വിചിന്തനം

## ജൂൺ 2025

''ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും.''
(യോഹ 14,16)

ബലഹീനനെന്നു സമൂഹം മുദ്രകുത്തിയ വി. ജോൺ വിയാനി പരിശുദ്ധാത്മാവിനു സമർപ്പിക്കപ്പെട്ട ഒരു വ്യക്തിക്ക് എന്തായിത്തീരാനാകും എന്നതിന് ഉത്തമോദാഹരണമാണ്. പരിശുദ്ധാത്മാവിന്റെ വഴിനടത്തൽ സ്വജീവിതത്തിൽ തിരിച്ചറിഞ്ഞ വിശുദ്ധൻ പറയുന്നു, 'ഒരമ്മ തന്റെ രണ്ടുവയസ്സുള്ള കുഞ്ഞിനെ കൈപിടിച്ച് നയിക്കുന്നതുപോലെ, കാഴ്ചയുള്ള ഒരാൾ അന്ധനെ നയിക്കുന്നതു പോലെ, പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നു.'

യേശു മനുഷ്യനായി അവതരിച്ചതും രക്ഷണീയ  ദൗത്യം പൂർത്തിയാക്കിയതും ദൈവപൈതലായ നമ്മെ സ്വർഗ്ഗത്തിന്റെ അവകാശികളാക്കുവാനാണ്. രക്ഷയുടെ അനുഭവം സ്വന്തമാക്കി അതിൽ നിലനിൽക്കുവാനും വളരുവാനും നിത്യതയോളം എത്താനും നമുക്ക് തനിയെ ആവില്ലെന്നു നന്നായി അറിയാമായിരുന്ന യേശു, തന്നെ നയിച്ച അതേ പരിശുദ്ധാത്മാവിനെ നമുക്ക് നൽകുന്ന തിൽനിന്ന്, അവൻ എത്രമാത്രം  നമ്മുടെ നിത്യരക്ഷ കൊതിക്കുന്നു എന്നത് വ്യക്തമാണ്. നമ്മുടെ വ്യക്തിജീവിതത്തിന്റെ ഓരോ നിമിഷവും ഈ സഹായകനിലേക്ക് നമ്മുടെ ഹൃദയം ചേർത്തു വയ്ക്കുന്നത് എത്രയോ അനുഗ്രഹപ്രദമാണ്!

ദൈവം പരിശുദ്ധാത്മാവിനെ നമുക്ക് നൽകുന്നത് എന്നേക്കും നമ്മോടു കൂടെയായിരിക്കാൻ ആണ്. 'പാറക്ലെത്തോസ്' എന്ന ഗ്രീക്ക് വാക്കിന് കൂടെ ആയിരിക്കുന്നവൻ, സഹായകൻ, ഉപദേഷ്ടാവ്, അഭിഭാഷകൻ, ആശ്വാസദായകൻ എന്നിങ്ങനെയെല്ലാം അർത്ഥമുണ്ട്. സന്തതസഹചാരിയായി നമ്മുടെ കൂടെയും ഉള്ളിലും ആയിരിക്കുന്ന ഈ ദൈവസാന്നിധ്യം നൽകുന്ന ആത്മവിശ്വാസവും ബലവും എത്ര വലുതാണ്!

പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശിഷ്യരുടെ കൂടെ എപ്പോഴും ആയിരിക്കുന്ന ആത്മാവിനെയാണ് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം കാണുന്നത്. തെരുവിൽ പ്രസംഗിക്കുമ്പോഴും,  അധികാരിക ളുടെ മുൻപിൽ നിൽക്കുമ്പോഴും, കാരാഗ്രഹത്തിൽ അടയ്ക്കപ്പെടുമ്പോഴും,  യാത്ര ചെയ്യുമ്പോഴും, ഭക്ഷണം പാചകം ചെയ്യുമ്പോഴും, കല്ലെറിയപ്പെടുമ്പോഴും, കൊടിയ പീഡനത്തിലൂടെയും മരണ വക്രത്തിലൂടെയും കടന്നുപോകുമ്പോഴുമെല്ലാം അവരുടെ കൂടെ വസിക്കുകയും അവരെ ധൈര്യപ്പെടുത്തുകയും ചെയ്തുകൊണ്ട് പരിശുദ്ധാത്മാവ് കൂടെയുണ്ട്.

''....ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു (1 പത്രോ 5,8) വെന്ന് നമുക്കറിയാം. പ്രലോഭനങ്ങളിലൂടെയും പരീക്ഷണങ്ങളി ലൂടെയും ഗോതമ്പുമണിപോലെ നമ്മെ പാറ്റാൻ തിന്മ ശ്രമിക്കുമ്പോൾ ആ  കെണിയിൽ പെട്ടുപോകാതെ, ഒരിക്കലും വേർപിരിയാത്ത സഹായകനായി, സംരക്ഷകനായി കൂടെയുള്ള പരിശുദ്ധാത്മാവിനോടൊപ്പം തിന്മയെ അതിജീവിക്കാനാണ് നമ്മുടെ വിളി.

'നിത്യനരകത്തിലുള്ളവരോട് നിങ്ങൾ എന്തുകൊണ്ടാണ് നരകത്തിൽ എത്തിയത് എന്ന് ചോദിച്ചാൽ അവർ ഉത്തരം പറയും: പരിശുദ്ധാത്മാവിനെ എതിർത്തതിന്. വിശുദ്ധന്മാരോട് നിങ്ങൾ എങ്ങിനെ യാണ്  സ്വർഗ്ഗത്തിൽ ചെന്നെത്തിയത് എന്ന് ചോദിച്ചാൽ അവർ ഉത്തരം പറയും: പരിശുദ്ധാ ത്മാവിനെ ശ്രവിച്ചതിനാൽ.' വി. ജോൺ വിയാനിയുടെ ഈ വാക്കുകൾ നിത്യസഹായകന്റെ മൊഴികൾക്ക് കാതോർക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്ക്  നമ്മെ ക്ഷണിക്കുന്നു. നിത്യജ്ഞാന

മായ പരിശുദ്ധാത്മാവ് നമ്മുടെയുള്ളിൽ സദാ പ്രവർത്തനനിരതനാണ്. എന്നാൽ അവൻ സംസാരിക്കുന്നതു ഉറക്കെയല്ല, ഒരു മൃദുമന്ത്രണം പോലെയാണ്. അതുഫലദായകമാകാൻ ശ്രവിക്കുന്ന കാതുകളും, അനുസരിക്കുന്ന ഹൃദയവും നമ്മിൽ വളർത്തിയെടുക്കണം.

ഒരു കാര്യം സ്വയമേവ ചെയ്യുവാൻ സാധിക്കാതെ വരുമ്പോഴാണ് ഒരു സഹായകനെ നമുക്കാവശ്യമാകുന്നത്. ആത്മീയജീവിതത്തിലും ആദ്യമൊക്കെ നാം സാധാരണയായി പരിശുദ്ധാത്മാവിനെ കൂട്ടുപിടിക്കുന്നത് മാനുഷികശക്തിയിൽ ചെയ്യുവാൻ സാധിക്കാത്ത കാര്യങ്ങൾ അഭിമുഖീകരിക്കുമ്പോഴാണ്. ഈ യാത്ര മുൻപോട്ട് പോകുമ്പോൾ നാം സാവധാനം തിരിച്ചറിയുന്നു അവനെ കൂടാതെ നമുക്കൊന്നും ചെയ്യാനാകില്ല എന്ന്. ഈ തിരിച്ചറിവാണ് സഹായകനായ പരിശുദ്ധാത്മാവിലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുന്നത്.

ഈ ലോകജീവിതത്തിന്റെ സന്നിഗ്ദ്ധഘട്ടങ്ങളിൽ എന്തു തീരുമാനമെടുക്കും, ആരോട് ആലോചന ചോദിക്കും എന്നൊക്കെ അറിയാതെ നമുക്കുചുറ്റും മനുഷ്യർ വലയുമ്പോൾ ഒരു ക്രിസ്തുശിഷ്യന്റെ ജീവിതം സമാധാനപൂർവമാകുന്നത് ഈ പരിശുദ്ധാത്മാവിന്റെ സ്നേഹക്കൂട്ടായ്മയിൽ വ്യാപരിക്കുമ്പോഴാണ്. ഈ സുദൃഢബന്ധം പ്രാർത്ഥനയിലും നിശ്ശബ്ദതയിലുമല്ലാതെ എങ്ങിനെയാണ് വളർത്തിയെടുക്കാനാവുക? നമ്മുടെ മനസ്സിലെ ശബ്ദകോലാഹലങ്ങളോട് പരിശുദ്ധാത്മാവ് മത്സരിക്കാറില്ല; അവൻ നിശ്ചലതയ്ക്കായി കാത്തിരിക്കുന്നു.

പരിശുദ്ധാത്മ സ്പന്ദനങ്ങൾ വിവേചിക്കുന്നതിന്റെയും അനുസരിക്കുന്നതിന്റെയും ജീവിതരീതി നമ്മിൽ രൂപം കൊണ്ടിട്ടുണ്ടോ? അത് നമ്മുടെ വ്യക്തിപരമായ തീരുമാനങ്ങളിൽ മാത്രമല്ല, ജീസസ് യൂത്ത് കൂട്ടായ്മകളുടെ പ്രവർത്തനരീതികളിലും പ്രകടമാണോ? സാർവത്രിക സഭയോടൊപ്പം ഒരു പുതിയ പന്തക്കുസ്താ അനുഭവത്തിനായി നാം ഒരുങ്ങുമ്പോൾ, ജീസസ് യൂത്ത് മുന്നേറ്റത്തിൽ അവിടുന്ന് നമ്മെ ഏൽപ്പിക്കുന്ന ദൗത്യത്തെ ധൈര്യത്തോടെ സ്വീകരിക്കുന്നതിനും, ആത്മാവിനാൽ നയിക്കപ്പെടാനുമുള്ള ആഴമായ ആഗ്രഹവും നമ്മിൽ ഉണർത്തുന്നതിന് സഹായകമാകട്ടെ. പന്തക്കുസ്താദിനത്തിൽ നാമെടുക്കുന്ന പ്രതിജ്ഞ ഈ ആഗ്രഹത്തെയല്ലേ പ്രതിഫലിപ്പിക്കേണ്ടത്? പരിശുദ്ധാത്മാവിനെ ശരിയായി സ്നേഹിക്കുകയും, ശ്രവിക്കുകയും, പിന്തുടരുകയും ചെയ്യുന്ന ഒരു സമൂഹമാകാൻ ജീസസ് യൂത്ത് മുന്നേറ്റം വിളിക്കപ്പെട്ടിരിക്കുന്നു. സഹായകനായ പരിശുദ്ധാത്മാവിനോടൊപ്പം സുവിശേഷമാകാനും സുവിശേഷമേകാനുമുള്ള നമ്മുടെ മിഷണറി ദൗത്യത്തിൽ വളരാനുമുള്ള ചവിട്ടുപടിയാകട്ടെ ഈ ദിനങ്ങൾ.

റെന്നി ഞാറക്കുളം

---

*റിട്ടയേർഡ് അദ്ധ്യാപകനായ റെന്നി, മുന്നേറ്റത്തിലെ മുതിർന്ന നേതാക്കളിൽ ഒരാളാണ്. ഭാര്യ മിനിയോടും മക്കളോടുമൊപ്പം കോഴിക്കോട് താമസിക്കുന്നു.*